സൺഡേ ദീപിക
April 27 2014



ആകാശം തൊട്ട സ്വപ്നം

സ്വന്തം പേരിൽ സ്വന്തമായി വിമാനം നിർമിച്ചു പറപ്പിച്ച ആദ്യത്തെ ഇന്ത്യക്കാരൻ എന്ന വിശേഷണം സജിക്കു സ്വന്തം. ജന്മനാ ബധിരനും മൂകനുമായ ഒരാൾ സ്വന്തമായി വിമാനം നിർമിക്കുന്നത് ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായിരിക്കാം.

സജി നിർമിച്ച വിമാനത്തിൽ റിട്ടയേഡ് വിംഗ് കമാൻഡർ എസ്.കെ.ജെ. നായർ പരീക്ഷണപ്പറക്കൽ നടത്തുന്നു.

ജോൺസൺ വേങ്ങത്തടം
ഫോട്ടോ -എം.എസ്.ജിത്ത്

മൊട്ടക്കുന്നുകളുടെ നിഴൽപറ്റി, കുറ്റിച്ചെടികൾക്കും കരിമ്പനകൾക്കും മുകളിലൂടെ നീലപ്പക്ഷിയെപ്പോലെയാണ് ആ വിമാനം പറന്നുയർന്നതും നിലത്തിറങ്ങിയതും. വിമാനത്തിൽ നിന്നും രണ്ടുപേർ പുറത്തിറങ്ങി. ആദ്യത്തെയാൾ എയർഫോഴ്സിലെ റിട്ടയേഡ് വിംഗ് കമാൻഡർ എസ്.കെ.ജെ. നായർ. വിമാനച്ചിറകുപോലെ നീണ്ടു ഗാംഭീര്യമാർന്ന നരച്ച മീശയിൽ തടവി മുഴക്കമാർന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു: 'ഈ വിമാനം ആകാശത്തു പറത്താൻ യോഗ്യമാണ്.'

വിമാനത്തിൽ ഒപ്പമുണ്ടായിരുന്ന, വിമാനം നിർമിച്ച സജിക്ക് ആ വാക്കുകൾ കേൾക്കാൻ ആവുമായിരുന്നില്ല. സന്തോഷം പ്രകടിപ്പിക്കാൻ ശബ്ദവും കൂട്ടിനില്ല. പക്ഷേ, ഇന്ത്യൻ പതാകയുടെ നിറമുള്ള വൃത്തങ്ങൾക്കിടയിൽ നിന്നും ആ വിമാനത്തിന്റെ പേര് ഇങ്ങനെ വായിക്കാം. സജി-എക്സ് എയർ-എസ്

സ്വന്തംപേരിൽ സ്വന്തമായി വിമാനം നിർമിച്ചു പറപ്പിച്ച ആദ്യത്തെ ഇന്ത്യക്കാരൻ എന്ന വിശേഷണം സജിക്കു സ്വന്തം. ജന്മനാ ബധിരനും മൂകനുമായ ഒരാൾ സ്വന്തമായി വിമാനം നിർമിക്കുന്നത് ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായിരിക്കാം.

സ്വന്തം വിമാനം പറന്നുയർന്ന നിമിഷം

സജി നിർമിച്ച വിമാനം ഈ മാസം പത്തിനായിരുന്നു പരീക്ഷണപ്പറക്കൽ നടത്തിയത്. എയർഫോഴ്സിലെ റിട്ടയേഡ് വിംഗ് കമാൻഡർ എസ്.കെ.ജെ. നായർ തമിഴ്നാട്ടിലെ തിരുനൽവേലിക്കടുത്തുള്ള അംബാസമുദ്രത്തിൽ സജിയെയുമിരുത്തി വിമാനം പറപ്പിച്ചു. വിമാനത്തിന് ഓടി വേഗമാർജിച്ചു പറന്നുയരാൻ ഒന്നര കിലോമീറ്റർ ദൈർഘ്യമുള്ള ട്രാക്ക് വേണ്ടിയിരുന്നു. ഇതിനാണ് അംബാസമുദ്രം തെരഞ്ഞെടുത്തത്.

എന്നാൽ ആകാശത്തു കൂടെ വട്ടമിട്ടു പറക്കണമെങ്കിൽ സജിക്ക് ഇനിയും കടമ്പകൾ കടക്കണം. രജിസ്റ്റർ ചെയ്താൽ മാത്രമേ അംഗീകാരം ലഭിക്കൂ. നാല്പതിനായിരം രൂപ മുടക്കുവരും. സിവിൽ വ്യോമയാന മന്ത്രാലയത്തിന്റെ രജിസ്ട്രേഷൻ കിട്ടിയാൽ സജിയുടെ വിമാനത്തിനു പറന്നുനടക്കാമെന്ന് എസ്.കെ.ജെ. നായർ സാക്ഷ്യപ്പെടുത്തുന്നു. ഇലക്ട്രിക്കൽ ജോലികളിലൂടെ സജി സമ്പാദിക്കുകയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള പണം. സ്വപ്നം യാഥാർഥ്യമാക്കാൻ എത്രയേറെ കഷ്ടപ്പെടാനും സജി തയാറാണ്. അതിനു സജിക്കു പിന്തുണയുമായി ഭാര്യ മരിയയും മകൻ ജോഷ്വായും ഉണ്ട്.

തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ...

തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ, അതിനായി കഠിനമായി പ്രയത്നിക്കുന്നുവെങ്കിൽ, ഒരിക്കലും പ്രതീക്ഷ കൈവിടാതിരിക്കുന്നുവെങ്കിൽ അതു സാധ്യമാക്കുന്നതിനായി പ്രപഞ്ച ശക്തികളെല്ലാം ഒരുമിക്കുമെന്നതു സത്യമാണെന്നു സജിയുടെ ജീവിതം തെളിയിക്കും.

ഇതാണു സജിയുടെ ബയോഡേറ്റ

തൊടുപുഴ തട്ടക്കുഴ അഴകനാൽ തോമസിന്റെ മകൻ സജി. 42 വയസ്. ജന്മനാ ബധിരനും മൂകനും. ഏഴാംക്ലാസ് വരെമാത്രം പഠനം. സാങ്കേതിക വിദ്യാഭ്യാസമില്ല. യന്ത്രങ്ങളുടെ സാങ്കേതിക പ്രവർത്തനം മനസിലാക്കുന്ന യാതൊരു കോഴ്സുകളിലും ക്ലാസുകളിലും പങ്കെടുത്തിട്ടില്ല.

ഇതാണു സജിയുടെ സാമ്പത്തിക പശ്ചാത്തലം

ജോലി കിട്ടാൻ വേണ്ടി ഒന്നും പഠിച്ചിട്ടില്ല. അതിനുള്ള സർട്ടിഫിക്കറ്റൊന്നുമില്ല. വെറും അമ്പതു സെന്റ് സ്ഥലം. ഉടുമ്പന്നൂർ പഞ്ചായത്തിന്റെ കാരുണ്യത്തിൽ നിർമിച്ച വീട്. നാല്പതു റബർമരങ്ങളുണ്ട്. അതു ഭാര്യ മരിയ ടാപ്പിംഗ് നടത്തുന്നു. അതാണൊരു വരുമാനം. ഏക മകൻ ജോഷ്വാ ഏഴാം ക്ലാസിൽ തട്ടക്കുഴ ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്നു.

ഇത്തരമൊരാൾ വിമാനം നിർമിക്കണമെന്നു പറയുമ്പോൾ കേൾക്കുന്നവർക്കു പരിഹസിക്കരുതെന്നു വിചാരിച്ചാൽപ്പോലും ചുണ്ടിൽ ചിരിവരില്ലേ.

എല്ലാവരും ചിരിച്ചപ്പോഴും പിറുപിറുത്തപ്പോഴും സജി കൂസലില്ലാതെ വീടിനോടു ചേർന്നു പ്ലാസ്റ്റിക് ഷീറ്റുകൊണ്ടു വിമാനം പണിയുന്നതിനുള്ള വർക്ക്ഷോപ്പ് പണിതിരുന്നു. മരിയയും ജോഷ്വായും സജിയുടെ ഒപ്പം നിന്നു.

സജിക്കു ജീവിതത്തിൽ ഒന്നും കുറവല്ല

എന്നാൽ സജിയെ അറിയുമ്പോൾ ഇതൊരു കുറവല്ല. കേൾക്കാത്തതും പറയാത്തതും ഒരു കുറവാണെന്നു സജിക്കു തോന്നിയിട്ടില്ല. സജി പറക്കുന്നതു പോലെ ആർക്കെങ്കിലും പറക്കാൻ സാധിക്കുമോ? അതും സ്വന്തമായി നിർമിച്ച വിമാനത്തിൽ. സജി തോമസ് നിർമിച്ച വിമാനം പറന്ന് അദ്ഭുതം സൃഷ്ടിച്ചിരിക്കുന്നു.

ഏഴുവർഷം കൊണ്ടാണു സജി വിമാനം ഉണ്ടാക്കിയത്. സാമ്പത്തിക പരാധീനതകൾ മൂലമാണു പണി നീണ്ടുപോയത്. സ്വന്തമായുണ്ടായിരുന്ന ജീപ്പ് വിറ്റും ഇലക്ട്രീഷൻ ജോലി ചെയ്തും റബർ കൃഷിയിലെ വരുമാനം ഉപയോഗിച്ചും സജി വിമാനമുണ്ടാക്കാനുള്ള യന്ത്രഭാഗങ്ങൾ വാങ്ങി. രാജ്യത്തെ പ്രമുഖ വിമാന കമ്പനികളിൽ നേരിട്ടു ചെന്നു സാങ്കേതിക വിദ്യ പരിചയപ്പെട്ടു. ബാംഗളൂരിൽ നിന്നും വിമാനത്തിന്റെ പാർട്സുകൾ വാങ്ങി. ഇന്റർനെറ്റിന്റെയും പുസ്തകങ്ങളുടെയും സഹായത്തോടെ സംശയങ്ങൾ ദൂരീകരിച്ചു. വെറും ഏഴാം ക്ലാസ് വിദ്യാഭ്യാസം മാത്രമേയുള്ളൂവെന്ന് പറഞ്ഞു സജിയെ എഴുതിത്തള്ളാൻ വരട്ടെ. ഇന്നു സജി കത്തുകൾ എഴുതുന്നത് ഇംഗ്ലീഷിലാണ്. ആരെയും ആശ്രയിക്കാതെ രാജ്യത്തിനകത്തും വിദേശത്തേക്കും കത്തുകൾ എഴുതുന്നു.

സജി വിമാനത്തിനുള്ളിൽ

സജിയുടെ സ്വപ്നങ്ങൾ പറന്നു തുടങ്ങിയത്

ടിവി മെക്കാനിക്കായിട്ടാണു സജി ആദ്യം രംഗത്തിറങ്ങുന്നത്. ഒരു ഐടിഐയിൽ നിന്നും പോളി ടെക്നിക്കിൽ നിന്നും പഠിച്ചിറങ്ങിയതല്ല. വീട്ടിൽ ഇരുന്നു ടിവിയുടെ മെക്കാനിസം പഠിച്ചു. മെക്കാനിക്കൽ രംഗത്ത് സജി ശക്തനായി. ടിവി റിപ്പയറിംഗിനൊപ്പം പലർക്കും ഡിഷ് ആന്റിന ഉണ്ടാക്കി കൊടുത്തും സജി ജീവിക്കുകയായിരുന്നു.

ആദ്യം ഇളംദേശത്തായിരുന്നു സജിയുടെ കുടുംബം താമസിച്ചിരുന്നത്. വെള്ളിയാമറ്റത്ത് കാരിക്കോട് എസ്റ്റേറ്റിൽ റബറിനു മരുന്നടിക്കാൻ(തുരിശ്) വന്ന രണ്ട് ഹെലികോപ്റ്ററുകളാണ് സജിയുടെ ജീവിതം മാറ്റി മറിച്ചത്. എന്നും രാവിലെ എസ്റ്റേറ്റിൽ പോയി ഹെലികോപ്റ്റർ കാണുന്നതായിരുന്നു സജിയുടെ ഹോബി. പതുക്കെ അടുത്തുകൂടി അവർ ഭക്ഷണം കഴിക്കുമ്പോൾ ഹെലികോപ്റ്ററിൽ തൊട്ടു നോക്കും. അതിനെ തലോടുന്ന യുവാവിനെ ഓടിച്ചുവിടാൻ കമ്പനിക്കാരും തയാറായില്ല. പ്രത്യേകിച്ച് അവൻ മൂകനാണെന്ന് അറിഞ്ഞപ്പോൾ. അങ്ങനെ ഒരു ബന്ധം അവിടെ ഉടലെടുത്തു.

മുംബൈ കമ്പനിക്കാർ പോകുന്നതിനു മുമ്പു സജിയെ ഹെലികോപ്റ്ററിൽ കയറ്റി രണ്ടു റൗണ്ട് കറക്കിയിട്ടാണ് പോയത്. സ്നേഹത്തോടെ അവർ നൽകിയ മുംബൈയിലെ കമ്പനി അഡ്രസ് ഭദ്രമായി സജി പോക്കറ്റിലിട്ടു. കമ്പനിക്കാർ ഇതെല്ലാം മറന്നെങ്കിലും സജി മറന്നില്ല. ഈ അഡ്രസുമായി മുംബൈയ്ക്കു പോയി കമ്പനി കണ്ടുപിടിച്ചു. അവിടെ എത്തിയപ്പോൾ കമ്പനിക്കാർക്ക് അദ്ഭുതം. സജി വരുമെന്ന് ഓർത്തില്ല. കമ്പനിയിൽ വിവിധ നിർമാണപ്രവർത്തനങ്ങൾ കാണിച്ചുകൊടുത്തു. ഹെലികോപ്റ്ററിന്റെ നിർമാണരീതികളെല്ലാം കണ്ട സജി അദ്ഭുതപ്പെട്ടു. അവിടെ നിന്നു പോരുമ്പോൾ സജി മനസിൽ കുറിച്ചു, ഹെലികോപ്റ്റർ നിർമിക്കും.

നാട്ടിലെത്തി നിർമാണം ആരംഭിച്ചു. വീടിനുമുന്നിൽ സ്വന്തമായി ആലയുണ്ടാക്കി നിർമാണം തകൃതിയായി. നിർമാണം പകുതിയായപ്പോൾ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിക്ക് മാതൃക അയച്ചുകൊടുത്തു. സജി ആദ്യമായി ഉണ്ടാക്കിയ ഹെലികോപ്ടറിന്റെ മാതൃകയെപ്പറ്റി കേട്ടറിഞ്ഞ് രാജീവ് ഗാന്ധി സജിക്കു ജോലി വാഗ്ദാനം ചെയ്തു. സജിയുടെ സംരംഭത്തെ കുറിച്ച് അറിഞ്ഞതിൽ സന്തോഷം. ഞാൻ നോക്കട്ടെ, എന്തെങ്കിലും ചെയ്യാം എന്ന കത്ത് സജിക്കു ലഭിച്ചു.

എന്നാൽ രാജീവ്ഗാന്ധി കൊല്ലപ്പെട്ട വാർത്തയാണ് പിന്നീട് സജി കേൾക്കുന്നത്. പിന്നെ കുറെ നാളുകൾ സജിക്കു ദുഃഖത്തിന്റേതായിരുന്നു. രാജീവ് ഗാന്ധിയെ അത്രമാത്രം ഈ യുവാവ് ഇഷ്ടപ്പെട്ടിരുന്നു. പിന്നീടു കുറെ നാളുകൾക്കുശേഷം ബൈക്കിന്റെ എൻജിൻ ഉപയോഗിച്ച് ഉണ്ടാക്കിയ വിമാനം 2005ൽ തൊടുപുഴ കാർഷിക മേളയിൽ പ്രദർശിപ്പിച്ചു. കാർഷിക മേളയിലെത്തിയ മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം സജിയെ അഭിനന്ദിച്ചു. സുരക്ഷാകാരണങ്ങളാൽ സജിയുടെ വിമാനത്തിന്റെ അടുത്തേക്കു വന്നില്ല. എങ്കിലും അഹമ്മദാബാദിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കണമെന്ന് നിർദേശിച്ചു. അഹമ്മദാബാദിലെ പ്രദർശനത്തിൽ സൃഷ്ടി സമ്മാൻ ദേശീയ പുരസ്കാരവും സജിക്കു ലഭിച്ചു. പറക്കാൻ ശേഷിയില്ലാതിരുന്ന ആദ്യ വിമാനം മറ്റക്കരയിലെ വിശ്വേശ്വരയ്യ എൻജിനിയറിംഗ് കോളജ് വിലയ്ക്കു വാങ്ങി. കുറേക്കാലം ഈ കോളജിലെ വിദ്യാർഥികളെ വിമാനത്തിന്റെ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്ന ജോലിയായിരുന്നു സജിക്ക്.

എസ്.കെ.ജെ നായർ എന്ന ഗുരു

ലോകം മുഴുവൻ പറന്നുനടക്കാൻ ആഗ്രഹിച്ച എയർഫോഴ്സിലെ വിംഗ് കമാൻഡറായിരുന്നു എസ്.കെ. ജെ.നായർ. അദ്ദേഹത്തെ കുറിച്ച് ഇംഗ്ലീഷ് പത്രത്തിൽ വന്ന റിപ്പോർട്ടാണ് സജിയെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്. സജി അദ്ദേഹത്തിനു കത്തെഴുതി. തന്റെ ആഗ്രഹമെല്ലാം നീണ്ട കത്തിൽ പ്രതിപാദിച്ചിരുന്നു. അന്നു തിരുവനന്തപുരത്തായിരുന്നു അദ്ദേഹം. സജിയോട് തിരുവനന്തപുരത്തേക്ക് വരാൻ നായർ ആവശ്യപ്പെട്ടു. നേരേ സജി തിരുവനന്തപുരത്ത് എത്തി അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹവുമായിട്ടുള്ള ആത്മബന്ധം മനസിനു കരുത്തായി മാറുകയായിരുന്നു. സജിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ പിന്നിൽ അദ്ദേഹം ഉറച്ചുനിന്നു.

ഇതോടൊപ്പം തിരുവനന്തപുരത്ത് സജിക്ക് എൻജിനിയറിംഗ് ജോലികളും അദ്ദേഹം ശരിയാക്കി നൽകി. ഇതൊരുവരുമാനം കൂടിയായി. വിമാനത്തിന്റെ നിർമാണത്തിലെ ഓരോ ഘട്ടത്തിലും കമാൻഡർ ഉപദേശവുമായി കൂടെയുണ്ടായിരുന്നു. ഇന്റർനെറ്റിലൂടെയായിരുന്നു ആശയവിനിമയം. എന്നും രാവിലെയും വൈകിട്ടും ഗുരുവുമായി ബന്ധപ്പെടാതെ ശിഷ്യനും മുന്നോട്ടുള്ളയാത്രയില്ല. റൺവേയിലൂടെ വേഗത്തിലോടി തറനിരപ്പിൽ നിന്നു പൊങ്ങിയ വിമാനത്തിന് ഇനിയും ഏറെദൂരം പറക്കാൻ കഴിയുമെന്നാണ് എസ്.കെ.ജെ. നായർ സാക്ഷ്യപ്പെടുത്തുന്നത്. സജിയുടെ വിമാനത്തിന്റെ പരീക്ഷണപ്പറക്കലിൽ പൂർണതൃപ്തനാണ് ഈ വൈമാനികൻ.

പറക്കാൻ ശേഷിയുള്ള വിമാനം

പറക്കാൻ ശേഷിയുള്ള ഒരു വിമാനം നിർമിക്കണമെന്ന സ്വപ്നമായിരുന്നു പിന്നീടുള്ള സജിയുടെ ജീവിതം. ഹെലികോപ്റ്റർ വിറ്റപ്പോൾ കിട്ടിയ പണം മാത്രം കൂടെയുണ്ടായിരുന്നു. വീണ്ടും വീടിനോടു ചേർന്നു പ്ലാസ്റ്റിക് ഷീറ്റുകൊണ്ടു വർക്ഷോപ്പ് ഒരുക്കി.

ഭർത്താവിനു തുണയായി മരിയ എപ്പോഴും കൂടെയുണ്ട്. ആശയവിനിമയത്തിൽ പോലും മരിയയുടെ സാന്നിധ്യമുണ്ട്. ബാംഗളൂരിലെ വിമാനക്കമ്പനിയിൽ ചെന്ന് സാധനങ്ങൾ വാങ്ങി. മഹാഗണി മരം വാങ്ങി അറത്ത് മുറിച്ചു പാളികളാക്കി നാലു പാളികൾ ഒന്നിച്ചു ചേർത്ത് ഒട്ടിച്ച് ഒരുമാസക്കാലം വച്ചുറപ്പിച്ചു മിനുക്കി തയാറാക്കിയാണ് വിമാനത്തിന്റെ ഫാൻ ലീഫുകൾ തയാറാക്കിയത്. പണി തീർന്നപ്പോഴേക്കും 10 ലക്ഷം രൂപ ചെലവായി. 265 കിലോ തൂക്കമുള്ള ഈ വിമാനത്തിനു പറന്നുയരാൻ ഒന്നര കിലോമീറ്റർ നീളമുള്ള റൺവേ വേണം. അതിനാലാണ് എസ്.കെ.ജെ. നായർ തമിഴ്നാട്ടിൽ നടത്തുന്ന ഏവിയേഷൻ അക്കാദമി പരീക്ഷണപ്പറക്കലിനു തെരഞ്ഞെടുത്തത്.

ലോറിയിൽ വിമാനം കയറ്റി, പിന്നാലെ ഓട്ടോറിക്ഷയിൽ സജിയും കുടുംബവും തമിഴ്നാട്ടിലേക്ക് പോയി. ഇന്ധനം മാത്രം അടിച്ചുകൊടുത്തു. ഇവരുടെ കൂടെ കൂട്ടുകാരും നിന്നു. അവിടെ പരീക്ഷണപറക്കൽ നടന്നു. വിമാനത്തിൽ കയറി എൻജിൻ സ്റ്റാർട്ട് ചെയ്തപ്പോൾ എസ്.കെ.ജെ നായരുടെ കണ്ണുകൾ നിറഞ്ഞു. പ്രിയശിഷ്യനെ കെട്ടിപ്പിടിച്ചു നെറുകയിൽ ഒരു ചുംബനം നൽകിയാണ് സന്തോഷം പ്രകടിപ്പിച്ചത്. തന്റെ ശിഷ്യൻ വിജയിച്ചുവെന്നാണ് വിമാനത്തിൽ നിന്നും ഇറങ്ങി അലറിപ്പറഞ്ഞത്. ഇനി രജിസ്ട്രേഷൻ വേണം. എങ്കിൽ സജി നമ്മുടെ മുകളിലൂടെ പറന്നുനടക്കും. സ്വന്തം പേരെഴുതിയ സ്വന്തം വിമാനത്തിൽ. ●

സജി, ഭാര്യ മരിയ, മകൻ ജോഷ്വാ എന്നിവർ വിമാനത്തിന്റെ എൻജിനൊപ്പം. പിന്നിൽ സജിയുടെ വീട്

കഥയല്ലിതു ജീവിതം

സ്വന്തം ജീവിതം സിനിമയിലൂടെ നോക്കികാണാൻ സജിക്കു കഴിയും. ഒരിക്കലും കണ്ടിട്ടില്ലാത്ത കുറെ പേർ തയാറാക്കുന്ന സിനിമ തന്റെ ജീവിതമാണെന്ന് അറിയുമ്പോൾ ആരും സന്തോഷിക്കും. ആ സന്തോഷമാണ് സജിയുടെ മുഖത്ത്. സജിയുടെ ജീവിതകഥ അങ്ങനെ വെള്ളിത്തിരയിലേക്കു പറന്നിറങ്ങുകയാണ്. പുതിയ സിനിമയ്ക്കുവേണ്ടി സന്തോഷ് ഏച്ചിക്കാനം രണ്ടു മാസം മുൻപ് എഴുതിയ തിരക്കഥയുമായി അദ്ഭുതകരമായ സാദൃശ്യമുണ്ട് തൊടുപുഴ തട്ടക്കുഴ സ്വദേശി സജിയുടെ ജീവിതത്തിന്. സിനിമയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കിടയിലാണ് സജി തോമസിനെക്കുറിച്ചു സംവിധായകൻ വിനു ആനന്ദിന്റെയും സന്തോഷ് ഏച്ചിക്കാനത്തിന്റെയും ശ്രദ്ധയിൽപ്പെടുന്നത്. മൂകനും ബധിരനുമായ ആൾ വിമാനം നിർമിക്കുന്നതും എയർഫോഴ്സ് ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഇന്ത്യൻ വ്യോമസേന ആ വിമാനം വാങ്ങുന്നതുമായിരുന്നു സിനിമയുടെ പ്രമേയം.

"തിരക്കഥയിലെ കഥാപാത്രം യഥാർഥത്തിൽ ജീവിച്ചിരിക്കുന്നുവെന്നറിഞ്ഞു ഞങ്ങൾ ശരിക്കും ഞെട്ടിപ്പോയി. ചിത്രത്തിന്റെ നിർമാതാവ് ജോസ് കൈതാരത്തിന്റെ മകൻ ബധിരനും ഊമയുമാണ്. ഇത്തരം ആളുകളെപ്പറ്റി ഒരു സിനിമ ചെയ്തുകൂടേയെന്ന് മാസങ്ങൾക്കു മുൻപ് അദ്ദേഹം തന്നെയാണു ഞങ്ങളോടു ചോദിച്ചത്. ഇപ്പോൾ ഞങ്ങളുടെ കഥയുമായി സാമ്യമുള്ള ഒരാളെ കണ്ടെത്തിയ സന്തോഷത്തിലാണ് ഞങ്ങൾ" - സന്തോഷും വിനു ആനന്ദും ഒരേസ്വരത്തിൽ പറയുന്നു.